## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്
## തിരുവനന്തപുരം - 14

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - ജീവനക്കാര്യം - ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ റേഡിയോളജിസ്റ്റുകളെ പോസ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 06.07.2013-ലെ സ.ഉ.(ആർ.റ്റി) നം.1222/2013/തൊഴിൽ.
2. 23.03.2014-ലെ സ.ഉ.(ആർ.റ്റി) നം.421/2014/തൊഴിൽ.
3. ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ 13.04.16-ലെ ജി1-910/16/ഇ.എച്ച്.എഫ് നമ്പർ കത്ത്.

...............

**ഉത്തരവ് നം. ഇ 1-13635/2016/ഡി.ഐ.എം.എസ് തീയതി - 24.06.2016.**

ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒരു മോഡൽ ആശുപത്രിയാക്കി ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ ഒരു സി.റ്റി.സ്കാനർ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിച്ച് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് സി.റ്റി.സ്കാനർ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയതായി ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന റേഡിയോളജിസ്റ്റ് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന അവസ്ഥയിൽ പുതിയതായി സർവ്വീസിൽ പ്രവേശിച്ചതും റേഡിയോളജിയിൽ സ്പെഷ്യലൈസ് ചെയ്തതുമായ രണ്ട് ഡോക്ടർമാരെ വടക്കൻ ജില്ലകളിൽ നിയമിച്ചിരുന്നുവെങ്കിലും അവർ രണ്ട് പേരും സർവ്വീസ് ഉപേക്ഷിച്ചു പോകുകയുണ്ടായി. കോൺട്രാക്ട് വ്യവസ്ഥയിൽ ഒരു റേഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനായി രണ്ട് തവണ ഇന്റർവ്യൂവിന് ക്ഷണിച്ചിരുന്നുവെങ്കിലും പ്രസ്തുത തസ്തികയിലേയ്ക്ക് യോഗ്യരായവരാരും ഹാജരാകാതിരുന്നതിനാൽ താൽക്കാലിക നിയമനവും നടത്താൻ കഴിഞ്ഞിട്ടില്ല.

വിഹിതമടച്ച് സേവനത്തിനായെത്തുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമായ രോഗികൾക്ക് രോഗ നിർണ്ണയത്തിനായി സ്ഥാപിച്ച സി.റ്റി.സ്കാനർ പ്രവർത്തിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ചെങ്കിലും അതിന്റെ പ്രവർത്തന സേവനത്തിനാവശ്യമായ വിദഗ്ധരെ ലഭിക്കാത്ത സാഹചര്യം സംജാതമായിരിക്കുന്നു. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനായി സ്ഥാപിച്ച സി.റ്റി.സ്കാനർ പ്രവർത്തിപ്പിക്കാനും അതിന്റെ ഗുണഫലം സാധാരണക്കാരും പാവപ്പെട്ടവരുമായ രോഗികൾക്ക് നൽകുന്നതിനും സാധിക്കുന്നില്ല.

ഈ സാഹചര്യത്തിൽ നിലവിലെ അടിയന്തിര ആവശ്യം കണക്കിലെടുത്ത് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ക്വാട്ടയിൽ ബിരുദാനന്തരബിരുദം (MD-Radiodiagonosis) പൂർത്തിയാക്കിയ ഏനാത്ത് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഡോ.കെ.വസന്ത, സദാനന്ദപുരം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഡോ.സീമ.വി എന്നിവരുടെ സേവനം ഒന്നിടവിട്ടുള്ള മാസങ്ങളിൽ റൊട്ടേഷൻ വ്യവസ്ഥയിൽ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേയ്ക്ക് താൽക്കാലികമായി വിട്ടു നൽകി ഇതിനാൽ ഉത്തരവാകുന്നു.

01.07.2016 മുതൽ 31.07.2016 വരെ ഡോ.വസന്തയും, 01.08.2016 മുതൽ 31.08.2016 വരെ ഡോ.സീമയും തുടർന്ന് ഇതേ ക്രമത്തിൽ ഈ ഡോക്ടർമാർ ഒന്നിടവിട്ടുള്ള മാസങ്ങളിൽ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ അവരുടെ ചുമതല നിർവ്വഹിക്കേണ്ടതാണ്. ഒരു റേഡിയോളജിസ്റ്റിനെ താൽക്കാലികമായെങ്കിലും നിയമിക്കുന്നതുവരെ മേൽപ്പറഞ്ഞ രീതിയിലുള്ള സേവനക്രമം തുടരേണ്ടതാണ് എന്നും ഉത്തരവാകുന്നു.

ജോലിയിൽ പ്രവേശിച്ച തീയതി താമസംവിനാ അറിയിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ.എം.ബീനത്ത്**
**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ**

**സ്വീകർത്താവ്**

1. ഡോ.സീമ.വി,
   അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി,
   സദാനന്ദപുരം.
2. ഡോ.കെ.വസന്ത,
   അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി,
   ഏനാത്ത്.

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല, കൊല്ലം / ഉത്തരമേഖല, കോഴിക്കോട്.
3. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക്.
4. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, ഏനാത്ത് / സദാനന്ദപുരം.
5. ഫയൽ/സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

എം.ആർ